

# അക്ഷരം

ലക്കം 2, ആഗസ്റ്റ് 2017

‘ഇക്കൊടും വറുതിച്ചൂടി-
ലിന്നീ മിഥുന രാത്രിയിൽ
നീ തന്ന മുത്തുമാലയ്ക്കു
കൂപ്പുകൈ കാലവർഷമേ!’

പി. കുഞ്ഞിരാമൻ നായർ


## TROMBAY TOWNSHIP FINE ARTS CLUB (Regd.)

Room No.1, Cultural Complex, Takshasila square, Anushaktinagar, Mumbai-94

Telephone : 022-25527115, email : ttfac@hotmail.com, Web site : www.ttfac.org

# അക്ഷരം

ഇ-മാഗസിൻ
ഒരു ടി.ടി.എഫ്.എ.സി. പ്രസിദ്ധീകരണം
ലക്കം 2, ആഗസ്റ്റ് 2017
aksharam.ttfac@gmail.com

**എഡിറ്റർ**

ശ്രീ. സുധീർ മുഹമ്മദ്

**രക്ഷാധികാരികൾ**

ശ്രീ. മുരളീധരൻ നന്നാട്ട്,
*പ്രസിഡന്റ്, ടി.ടി.എഫ്.എ.സി*

ശ്രീ. രതീഷ് എം. പി.,
*സെക്രട്ടറി, ടി.ടി.എഫ്.എ.സി*

ജയകൃഷ്ണൻ വി. ബി.
*ട്രഷറർ, ടി.ടി.എഫ്.എ.സി*

**നിർവ്വാഹക സമിതി**

ശ്രീ. വിജു ചിറയിൽ

ശ്രീ. പ്രദീപ് ആർ.

ശ്രീ. ശ്രീപ്രസാദ് വി.

ശ്രീ. സുനിൽ ഡി. ജോർജ്ജ്
*(ഡിസൈൻ, ലേ-ഔട്ട്)*

**ഇല്ലസ്ട്രേഷൻ**

ശ്രീമതി. ജിൽജു രതീഷ്

**മുഖചിത്രം**

ഡോ. മാധവ് ബി. മല്ല്യ

## ഉൾത്താളുകളിൽ...

1. **In the e-Era** — 4
   Dr.A. P. Jayaraman
2. **കാളിയും എന്റെ ജീവിതവും** — 6
   കണക്കൂർ ആർ. സുരേഷ്കുമാർ
3. **പ്രിയേ നിനക്കായ്** — 9
   ബോബി വത്സരാജ്
4. **നീലജ്ജ്വാല** — 10
   റാണി ബി. മേനോൻ
5. **Melancholic Melody** — 13
   Abhishek Nair
6. **മണ്ണും മനുഷ്യനും** — 14
   സുനിൽ ഡി. ജോർജ്ജ്
7. **കുറുവരികൾ** — 18
   പി. വിശ്വനാഥൻ
8. **Our winter Guests** — 19
   Nandana Menon
9. **അഹങ്കാരം** — 21
   മായാദത്ത്
10. **മഴപൊഴിയും വഴിയിൽ** — 23
    പ്രതിഭാ പ്രദോഷ്
11. **മഴക്കാലഭംഗികൾ** — 26
    വിജു ചിറയിൽ
12. **അക്കരപ്പച്ച** — 27
    നോബിൾ ജേക്കബ്ബ്
13. **കാപാലികതചം** — 30
    രവീന്ദ്രൻ ടി. ജി.
14. **ജ്ഞാനപീഠം** — 32
    പത്മകുമാർ
15. **നിസ്സഹായത** — 35
    ലീനാ പിള്ള
16. **Before I leave** — 36
    Lakshmi sandeep

# എഡിറ്റോറിയൽ

എഴുത്തുകാരൻ/രി നേരിടുന്ന ഒരു വലിയ പ്രതിസന്ധി എഴുത്തിൽ നിന്ന് ‘തന്നെ’ ഒഴിവാക്കുക എന്നതാണ്. ഇത് അറം പറ്റും എന്ന ഭയം മാത്രമല്ല, താൻപോരിമ വന്ന് അനുവാചകർക്കു വിരസമാകാതിരിക്കാനും ഉപകരിക്കും. ഒരിക്കലും കഥാകാരൻ വരാൻ പാടില്ല എന്നില്ല, തുടക്കക്കാർ നന്നേ വിഷമിക്കുന്ന ഭാഗമാണിത്. പ്രത്യേകിച്ച് സ്വാനുഭവങ്ങളെ കഥയാക്കുമ്പോൾ. പയറ്റിതെളിഞ്ഞവർ പോലും ചിലപ്പോൾ വീണുപോവാറുണ്ട്, വെറുതെയല്ല എഴുത്തച്ഛൻ പോലും ശാരികയെ വിളിച്ചത്.

അടുത്തലക്കം, ഓണപ്പതിപ്പിൽ മണ്ണിന്റെ ഗന്ധമുള്ള രചനകൾ പ്രതീക്ഷിച്ചുകൊണ്ട്...

സസ്നേഹം

സുധീർ മുഹമ്മദ്
എഡിറ്റർ
sudheerkmuhammed@gmail.com





# In the e-Era



Dr. A. P. Jayaraman

England 1890s. George Johnstone Stoney coined the word electron. Joseph John Thomson discovered the particle bearing that name. A new era of electronics dawned. Electronics entered into the very core of our life.

I rang up my colleague professor in Singapore seeking a slot change for my lecture. He told me to speak to him electronically. I sent an email and promptly he replied.

I am a laggard. When I retired from service I was electronically vulnerable. I had a techsaavy PA who did everything for me. His competence nursed my incompetence. Communication by email and use of MS Office stared me in my face and made faces at me. I had to make my power point presentations on a daily basis for my lectures. My slides should not be academically anemic in the fiercely competitive private university world. My daughter taught me and I secured my survival kit.

Later with mindboggling advancements in mobile technology, my grandson taught me the nuances of iphone 6 and I leaped forward. I learned to file e-returns, to read e-books and to scan e-magazines. I teach supply chain management and I listen to MOOCs* from worthier professors than me and reconfigure my lectures. I passed online examinations. I am today a responsive netizen. Of all the magazines I get, I like eSkeptic. E magazines and e journals have come of age. There were those who argue that a hard copy is a must for their reading. I too thought so some time before but do not do so now.

Writing an article takes time. You gather the material. Store it in your mind and process it. Write it up. Edit yourself which involves rewriting. You fold the sheets, put them in an envelope and send it to the editor by registered post. Then wait with heightened blood pressure and bated breath for the magazine to come to you by snail mail. That was the traditional supply chain.

Today you word process your stuff. You can have your graphics. You can make it print ready and email to your friendly editor of e magazine.

*MOOC - Massive Open Online Courses

A word of caution. Time was when originality could be claimed and one could bask in that glory hiding the source. Today you are vulnerable as antiplagiarism software will expose you including your autoplagiarism.

1950s. I was a student in Vaniyamkualam High School in Palakkad district. I was made the editor of the School Manuscript Magazine. Like the new bride sweeping well, I garnered as many inputs as I could. As contributions were few in English, Malayalam Pundit was the teacher in charge. He congratulated me for the quality and quantity of inputs I have managed to arrange.

He pulled out a poem from the manuscript file. I had persuaded a fair friendly girl to compose a poem. He read out:

**“അങ്കണത്തൈമാവിൽനിന്നാദ്യത്തെ പഴം വീഴ്കെ**

**അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ”**

“Truly great. But, sadly Vyloppilly Sreedhara Menon had already composed it earlier than your friend.”

New generation editors are more knowledgeable and more widely read than me. They are also supported by antiplagiarism software.

I sincerely appreciate this aesthetic endeavour of TTFAC to launch the e-magazine ‘Aksharam’ as an early adopter. I trust this will be a path breaker and pacesetter for other social organizations. I wish all success to the beautiful minds behind this e-project.

# കാളിയും എന്റെ ജീവിതവും (നദിയോർമ്മകൾ)

കണക്കൂർ ആർ. സുരേഷ്കുമാർ



ജീവിതത്തിന്റെ നല്ലൊരു ഭാഗം കഴിഞ്ഞത് ഉത്തരകന്നഡയിൽ ആയിരുന്നു. കർണ്ണാടകത്തിൻറെ വടക്കേയറ്റത്തെ ജില്ല. കൊങ്കിണിയും കന്നഡയും മറാട്ടിയും ഹിന്ദിയും സംസാരിക്കുന്ന ജനത. നിരവധി പ്രത്യേകതകൾ ഉള്ള ദേശമാണത്. ഗ്രാമീണമായ പല ആഘോഷങ്ങളും ആവേശത്തോടെ കൊണ്ടാടുന്ന ജനത. വാട്ടേഹുളി എന്നുവിളിക്കുന്ന ഒരുതരം പുളിയിട്ടുവച്ച മീൻകറി, കശുമാങ്ങയിൽ നിന്നു വാറ്റുന്ന ഉറാക്ക് എന്ന തദ്ദേശീയ മദ്യം തുടങ്ങിയവ അവർക്ക് ഏറെപ്രിയം.

ഇപ്പോൾ ജീവിതം മുംബൈ എന്ന മഹാനഗരത്തിലേക്ക് പറിച്ചുനട്ടിരിക്കുന്നു. ഔദ്യോഗിക സ്ഥാനചലനം. രണ്ടു പതിറ്റാണ്ടുകൾ ജീവിച്ച ആ ഇടത്തിനോട് കൂടുതൽ അടുപ്പിച്ചത് കാളിനദിയാണോ അവിടുത്തെ വനസ്ഥലികളാണോ പ്രിയ സൗഹൃദങ്ങളാണോ എന്ന് കണ്ടെത്തുക പ്രയാസമാണ്.

എങ്കിലും കാളിനദി എനിക്കുള്ളിൽ അക്കാലമൊക്കെ ഒഴുകുന്നുണ്ടായിരുന്നു. സന്തോഷങ്ങളിലും സങ്കടങ്ങളിലും പങ്കുകൊണ്ട്, അനവധി ചെറുചുഴികളുമായി ഒളിഞ്ഞും തെളിഞ്ഞും എന്നിലൂടെ ഒഴുകിക്കൊണ്ടിരുന്നു.

ഇടറുന്ന തൊണ്ടയുള്ള ആരോ ഒരാൾ ചൊല്ലുന്ന ഒരു ഗദ്യകവിതയായി ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു. മുടിയഴിച്ചുലച്ചിട്ട് മുല ചുരത്തുവാനിരുന്ന കാളി... വർഷകാലത്ത് അവൾ കാമരൂപിണിയായി പൊട്ടിത്തരിക്കുന്നു. കുത്തിമറിയുന്നു. തീരം കടന്നുവന്ന് ഗ്രാമാന്തരങ്ങളെ ചുംബിക്കുന്നു. കലങ്ങി മറിഞ്ഞ് കര കവിഞ്ഞ് കടലിലേക്ക് ആർത്തു സഞ്ചരിക്കുമ്പോൾ മഴ നനഞ്ഞു നിന്ന എന്നെ അവൾ കണ്ടില്ല എന്നു നടിക്കും. കാളിയല്ല നീ... കള്ളി.

1997-ൽ അവിടെയെത്തിയ കാലം, നദിക്കരയിൽ ആദ്യം പോയത് ഒരു സഹപ്രവർത്തകൻറെ മൃതദേഹം കാണുവാനായിരുന്നു. എന്തിനാണ് അവൻ നദിയിൽ ചാടി മരിച്ചത് എന്ന് കൃത്യമായും ഇന്നും എനിക്കറിയില്ല. ഞങ്ങൾ ചെല്ലുമ്പോൾ കൈകൾ വിരിച്ചു ജലത്തിൽ കമിഴ്ന്നു കിടക്കുന്നു അവൻ. പിന്നെയും മരണങ്ങൾ കാളിയിൽ ഉണ്ടായി. മനുഷ്യർ അറിഞ്ഞുകൊണ്ടും അറിയാതെയും വെള്ളത്തിൽ മുങ്ങി മരിച്ചു . ചീഞ്ഞും അലിഞ്ഞും അല്ലാതെയും ശരീരങ്ങൾ നദിയിൽ നിന്നും വീണ്ടെടുത്തു. എങ്കിലും കാളി യാതൊരു ഭാവ ഭേദങ്ങളും കൂടാതെ പടിഞ്ഞാറോട്ടൊഴുകി.

ഒരിക്കൽ ഞങ്ങൾ ചിലർ ചേർന്ന് നദിയുടെ ഉത്ഭവസ്ഥാനം തേടിപ്പോയി . ഡിഗ്ഗി എന്ന ചെറിയൊരു ഗ്രാമത്തിനോട്ടു ചേർന്ന വനത്തിൽ ഒരു പാറയുടെ അടിയിൽനിന്നും ജലം ഊറിവരുന്നു. ചുറ്റും കാട്ടുപോത്തുകൾ വിഹരിക്കുന്ന ഇടം. കരിമ്പച്ച വനം. ഗ്രാമവാസികൾ പറഞ്ഞു- ഇതാണത്രേ കാളിയുടെ തുടക്കം. ശരിയായിരിക്കും. എല്ലാത്തിനും ഒരു ഉത്ഭവസ്ഥാനം വേണമല്ലോ? ഒരു കുഞ്ഞുറവ കല്ലിലൂടെയും മണ്ണിലൂടെയും ഒഴുകി, മറ്റനേകം ചെറു നീർച്ചോലകളുമായി ചേർന്ന് ക്രമേണ വളർന്നു വളർന്ന് നദിയായി രൂപ പരിണാമം ചെയ്യുന്നത് നമുക്ക് മനസ്സിലാകില്ല. നൂറ്റി എൺപത്തിനാല് കിലോമീറ്റർ നീളം ഉള്ള ഈ നദി വലിയൊരു ജനവിഭാഗത്തിന് കുടിവെള്ളം നൽകുന്നു. ജലത്തിൽ നിന്ന് വൈദ്യുതി ഊറ്റിയെടുക്കുന്ന നിരവധി അണക്കെട്ടുകൾ ഈ നദിയിലുണ്ട്. പലവട്ടം ഞങ്ങൾ വലിയ തോണിയിൽ നദിയിലൂടെ കാർവാർ വരെ യാത്ര നടത്തിയിട്ടുണ്ട്. ടാർ ചെയ്ത പാതകളും വാഹനങ്ങളും വരും മുമ്പ് എങ്ങനെയാണ് ജനം യാത്രകൾ ചെയ്തിരുന്നത് എന്നതിനെ സ്വയം സാക്ഷ്യങ്ങൾ.

നദിയിലെ മീനു നല്ല സ്വാദ്. കദ്രയിലെ പാലത്തിൽ നിന്ന് ചൂണ്ട വീശിയെറിയുന്നവർ സ്ഥിരം കാഴ്ചയാണ്. വലിയ മീനുകൾ അതിൽ കുടുങ്ങും. ഏറെ വർഷങ്ങൾ മുമ്പ് ഗിരീഷ്കുമാർ എന്ന സുഹൃത്തുമായി ചേർന്ന് മീൻ വേട്ട നടത്തിയത് ഓർമയുണ്ട്. മഴക്കാലം കഴിഞ്ഞതേയുള്ളായിരുന്നു. ജൂവാർ എന്നു ഞങ്ങൾ വിളിക്കുന്ന അന്നാട്ടുകാരൻ സേവിയർ കൂടെ വന്നു. ഒരു മന്ത്ര പ്രയോഗം. കുട്ട കണക്കിനു മീനാണ് അന്ന് ഞങ്ങൾ പിടിച്ചത്. പിന്നീട് പലപ്പോഴും അന്തിമയക്കത്തിൽ നേരം പോക്കിനിരിക്കുമ്പോൾ കുത്തിമറിയുന്ന മീനുകളുടെ ഊറ്റം കാണാം. പക്ഷെ അവയെ പിടിക്കുവാനുള്ള സൂത്രം എൻറെ കയ്യിലില്ല. . ഗിരീഷ് അതിനിടെ സ്ഥലം മാറിപ്പോയി. ജൂവാർ ഗൾഫിലേക്ക് കുടിയേറുകയും ചെയ്തു.

കദ്ര എന്ന ഗ്രാമം എത്തുമ്പോൾ നദി വീതി വർദ്ധിച്ച് വലിയ ജലപ്പരപ്പായി ഓളങ്ങളിൽ രമിക്കുന്നതു കാണാം. അലക്കും കുളിയുമായി ഗ്രാമീണർ കടവുകളിൽ ഉണ്ടാകും. ചെളി കെട്ടികിടക്കുന്ന നദിയോരങ്ങളിലൂടെ കിളികളുടെ സംഘഗാനം ശ്രവിച്ചുകൊണ്ട് എത്രയോവട്ടം അലഞ്ഞിട്ടുണ്ട്.. എൻറെ കാലടിയൊച്ചകൾ നദിക്കറിയാം. അതു കേൾക്കുമ്പോഴൊക്കെ നദി പ്രതികരിക്കും. ചിലപ്പോൾ കുതിച്ചു പൊന്തുന്ന ഒരു മീൻ. മറ്റുചിലപ്പോൾ മല മുഴക്കുന്ന ഒരു വേഴാമ്പൽ...



നദിക്ക് ധാരാളം അവകാശികൾ ഉണ്ട്. ചൂളൻ എരണ്ടകൾ ആയിരക്കണക്കിനാണ് നീന്തിത്തുടിക്കുന്നത്. മുണ്ടികളും മുങ്ങാങ്കോഴികളും എപ്പോഴുമുണ്ടാകും. എത്രയോ എണ്ണം ചെറിയ നീർക്കാക്കകൾ

കണ്ടൽക്കൊമ്പുകളിൽ ചിറകുകൾ ഉണക്കുവാൻ ഇരിക്കുന്നു... ഇനിയുമുണ്ട് നിരവധി താരങ്ങൾ- നീർക്കാടകൾ... താമരക്കോഴികൾ... എന്നാൽ ഞാനേറെ കൌതുകത്തോടെ നോക്കി നിൽക്കാറുള്ളത് ചെറിയ മീൻകൊത്തികളേയാണ്. കണക്കുരിലെ കുളങ്ങളുടെ ചുറ്റുമുള്ള മരങ്ങളിൽമിക്കവാറും ഉണ്ടാകും കഴുത്തുമുതൽ വയർ വരെ നീളുന്ന വെള്ളപ്പാണ്ടുള്ള നീല മീൻകൊത്തികൾ. എന്നാൽ കാളിയുടെ തീരത്ത് പുള്ളിമീൻകൊത്തി തുടങ്ങി പല ഇനങ്ങളെ കാണാം. മരക്കൊമ്പിൽ നിന്നും ശരം തൊടുത്തു വിട്ടതുപോലെ അവ നദിയിലേക്കു തുളച്ചു കയറും. കൊക്കിൽ പിടയ്ക്കുന്ന മീനുമായി തിരികെ മരക്കൊമ്പിലേക്ക്.

ഷൂസുകളിൽ ചെളി പുരണ്ടിട്ടും പിന്തിരിയാതെ, തണുവ് തങ്ങിനിൽക്കുന്ന ചേറിലൂടെ നടന്നു പോകുമ്പോൾ അല്പം മാറി നദി കുലുങ്ങിച്ചിരിക്കുന്നത് കേൾക്കാറുണ്ട്.

സുഹൃത്ത് രാജശേഖരന് നദിയിൽ ഒരു ദ്വീപുണ്ട്. ഇപ്പോൾ മറിയും എന്ന് തോന്നിപ്പിക്കുന്ന ചെറിയ വഞ്ചിയിൽ ആ ദ്വീപിൽ എത്താം. അവിടെ ചെല്ലുമ്പോൾ കാണാം, നിറയെ മയിലുകൾ. രാജശേഖരൻറെ കൃഷിയിടങ്ങളിൽ അവ ആരേയും ഭയക്കാതെ സസുഖം കഴിയുന്നു. നിലാവിൽ നദി അതിസുന്ദരിയാവും.

ടാഗോറിൻറെയും കാർവാറിൻറെയും ചരിത്രം ചേർത്ത് ഒരു പ്രസിദ്ധീകരണത്തിൽ മുൻപെന്നോ എഴുതിയിട്ടുണ്ട്. നിലാവെട്ടത്തിൽ ഈ നദിയിലൂടെ നടത്തിയ വഞ്ചിയാത്രാവേളയിലാണത്രെ ഗീതാഞ്ജലി വിരിഞ്ഞത്.

ഒരിക്കൽക്കൂടി എനിക്ക് അവിടേക്ക് പോകണം. നദിയിലൂടെ ഒരിക്കൽക്കൂടി യാത്ര ചെയ്യണം. നദി മൂളിപ്പാട്ട് പാടുന്നത് കേൾക്കണം. എനിക്ക് അവിടെനിന്നും കോരിയെടുത്ത വെള്ളമൊഴിച്ച് അൽപം ഉറാക്ക് നുണയുകയും വേണം.

*(വാഗ്ദേവത മാസികയിൽ പ്രസിദ്ധീകരിച്ചത്)*





# പ്രിയേ നിനക്കായ്

ബോബി വത്സരാജ്

പാതിരാവേറെയായ്, സമയസൂചികകൾ
ഇണചേർന്നു കഴിഞ്ഞേറെ നേരമായ്
നിദ്ര പൂകാതിനിയും ഞാനേകനായ്
നിന്നെക്കുറിച്ചോർത്തിരിക്കുന്നെൻ   തല്പത്തിൽ

നിലാവിൻ്റെ തണുത്ത വെളിച്ചത്തിൽ
ഇരുളിനെ തോല്പിച്ച് വിജനമാം വീഥികളിൽ
നാമിരുവരും ചേർന്നു കൈകോർത്ത് നടന്നിടാം -
പിന്നെ പച്ച പുതച്ച പുൽമേട്ടുകളിലെവിടെയോ
സ്നിഗ്ധമാം മണ്ണിൻ്റെ ഗന്ധമാസ്വദിച്ചിടാം.

പിന്നെയുദയത്തിലർക്കൻ്റെ ചുടുരശ്മികൾ തഴുകുമ്പോൾ
പാതിമയക്കം വിടാതെ നിന്നെ പുണരാൻ
മഞ്ഞിൻ കണങ്ങൾ മുഖത്തൊരു നേർത്ത തണുപ്പിൻ
മൂടുപടം നീക്കിടുമ്പോളെഴുന്നേറ്റു നടന്നിടാം

ഇനിയൊരു പുതിയ പുലരിയായ് നിൻ ഗർഭത്തിലലിയാം
ഇനിയും പറഞ്ഞു തീരാത്തൊരു പ്രണയകാവ്യത്തിൻ
ശീലുകൾ മൂളി നമുക്കൊരു പുതിയ പാതയിൽ
കൈകോർ<u>ത്തു</u> നടന്നിടാം
എന്നിട്ടുച്ചത്തിൽ പറഞ്ഞിടാം
എൻപ്രണയമേ നീയെത്ര സുന്ദരം



# നീലജ്ജ്വാല

## റാണി ബി. മേനോൻ



"കൃഷ്ണമഹാരാജാവു വരുന്നു!"

ഒരു നിമിഷം ഹൃദയം നിന്നു പോയതായി രാധയ്ക്കു തോന്നി. പുറത്തു കളിക്കാനും കാലിമേയ്ക്കാനും പോയ കുട്ടികളാണ് ആരവവുമായെത്തിയത്. യശോദ പരിഭ്രമിച്ച് അങ്ങുമിങ്ങും നടക്കാൻ തുടങ്ങി. അവരുടെ കാഴ്ച്ച മങ്ങിത്തുടങ്ങിയിരിക്കുന്നു. എല്ലാത്തിനും സഹായം വേണമെന്നായിരിക്കുന്നു.

ഇപ്പോൾ വിളിവരും രാധയോർത്തു. വിറയാർന്ന വിളി മുഴങ്ങി. "കണ്ണൻ വരണൂത്രേ!"

താൻ കരഞ്ഞാലും ചിരിച്ചാലും അമ്മയറിയില്ല, അമ്മയ്ക്ക് ഓരോരുത്തരും വ്യത്യസ്തമായ നിഴൽ വലുപ്പങ്ങൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു എന്ന് രാധയറിഞ്ഞു. അമ്മയ്ക്ക് അദ്ദേഹമിപ്പോഴും പഴയ കുസൃതിക്കുടുക്ക തന്നെ, കംസനെ കൊന്നതും രാജാവായതും നാടുകൾ വെട്ടിപ്പിടിച്ചതുമെല്ലാം അമ്മ മറന്നതുപോലെ...

തനിക്കോ?

ചിന്ത അവിടെയെത്തിയപ്പോൾ തുടർന്നാലോചിക്കാൻ ശ്രമിക്കാതെ എഴുന്നേറ്റ് വരവേൽപ്പിന്റെ തിരക്കുകളിലേക്കുളിയിട്ടു. ഇതിപ്പോൾ ശീലമായിരിക്കുന്നു, ആവശ്യത്തിലധികം ചുമതലകളേറ്റെടുത്ത് തളർന്നുവീണുറങ്ങുമ്പോൾ ഓർമ്മകളോ സ്വപ്നങ്ങൾ പോലുമോ അലട്ടാനെത്തില്ല.

'കൃഷ്ണനെത്തീ' എന്ന ഹർഷാരവം മുഴങ്ങി. കൃഷ്ണനാമ ജപമോടെ ജനമൊന്നാകെ മുന്നോട്ടു കുതിച്ചു.

കാണാൻ, തൊഴാൻ, തൊടാൻ, പറ്റുമെങ്കിൽ സങ്കടങ്ങൾ പറയാൻ...

സുദാമായുടെ കഥ പാട്ടായി കാറ്റിലൂടെ ഇവിടെയുമെത്തിയിരുന്നു. അദ്ദേഹം അവതാരപുരുഷനാണെന്ന് മഥുരാപുരിയാകെ വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. വരുന്നെന്നു കേട്ടപ്പോൾ ആദ്യം തോന്നിയത് അകലെ നിന്നും ആ, കണ്ണുകളുടെ മാന്ത്രിക വലയത്തിലകപ്പെടാതെ ഒരു നോക്കു കാണണമെന്നാണ്. ഉള്ളിലെ കടലിരമ്പവും കണ്ണിലെ വേലിയേറ്റവും ആരും കാണരുത്. രാധ അവസാനമായി കരഞ്ഞത് കണ്ണൻ അക്രൂരനോടൊത്ത് മഥുരാപുരിയിലേയ്ക്ക് പുറപ്പെട്ടപ്പോഴായിരുന്നു. ഭർതൃമാതാവിന്റ ഭത്സനങ്ങൾക്കു മുന്നിലും, പെറ്റമ്മയുടെ കണ്ണീരിനു മുന്നിലും, സഹോദരിയുടെ അപേക്ഷയ്ക്കു മുന്നിലും രാധ അചഞ്ചലയായി നിലകൊണ്ടു. ഭർത്താവുപേക്ഷിച്ചപ്പോളും, സഹോദരൻ പടിയിറക്കി വിട്ടപ്പോളും രാധ കരഞ്ഞേയില്ല.

കയ്യില് ചെറുഭാണ്ഡവും പേറി വന്ന രാധയ്ക്കു ഒന്നും ചോദിക്കാതെ യശോദ കണ്ണന്റെ മുറി വാതിൽ തുറന്നുകൊടുത്തു. കണ്ണന്റെ ഗന്ധം നിറഞ്ഞു നിന്നൊരാ മുറിയിൽ രാധ കമിഴ്ന്നു

കിടന്നു.
വാതിലിനു പുറത്ത് സമയാസമയങ്ങളിൽ ഭക്ഷണം വരികയും സ്വീകരിക്കപ്പെടാതെ അങ്ങിനെ തന്നെ തിരിച്ചു പോവുകയും ചെയ്തു.

ആരും ഒന്നും ചോദിച്ചില്ല, നിർബന്ധിക്കുകയോ ശാസിക്കുകയോ ചെയ്തില്ല, വാതിൽക്കലൊന്നു തട്ടുക പോലും ചെയ്തില്ല.  പിന്നീട് എപ്പോഴോ എഴുന്നേറ്റ് പുറത്തുവന്ന് എന്നുമെന്നപോലെ ഓരോന്നു ചെയ്തു.  ആരും പരിഹസിച്ചില്ല, സമാധാനിപ്പിക്കുകയോ വിശദീകരണം ചോദിക്കുകയോ ചെയ്തില്ല. കാലം കടന്നു പൊയ്ക്കൊണ്ടിരുന്നു, ആരേയും കാത്തു നിൽക്കാതെ.

കണ്ണൻ ഒരിക്കൽ പോലും വന്നില്ല, ആരും പരിഭവിച്ചു കേട്ടില്ല. പതിയെ വിശേഷങ്ങളും നിലയ്ക്കു കണ്ണനെന്ന നാമധേയം മാഞ്ഞു, അദ്ദേഹം കൃഷ്ണനും, മധുരാധിപനും, മഹാരാജാവും, യാദവ കുല രക്ഷകനും, അർജ്ജുന സാരഥിയുമായി ധർമ്മസംസ്ഥാപനാർത്ഥം പിറവിയെടുത്ത വിഷ്ണു അവതാരമാണെന്ന് ജനം അടക്കം പറയാൻ തുടങ്ങി. അതംഗീകരിക്കുകയോ അതിനോട് വിയോജിക്കുകയോ ചെയ്യാതെ കൃഷ്ണൻ പുഞ്ചിരിച്ചു കൊണ്ടേയിരുന്നു.

രാധ തന്റെ ഓർമ്മകളിൽ നിന്നുണരുമ്പോൾ ആരവങ്ങളടങ്ങിയിരുന്നു, ജനം തിരിച്ചു പോയിരുന്നു. താനദ്ദേഹത്തെ കണ്ടതേയില്ല, നന്നായെന്നോർത്തു രാധ. കണ്ണായെന്ന വിളിയിൽ ചിരിച്ചും അമ്മയുടേതായ സ്വാതന്ത്ര്യങ്ങൾക്ക് വഴങ്ങിയും കൃഷ്ണന് പഴയ അമ്പാടിക്കണ്ണനായി. വെണ്ണയുരുട്ടിക്കൊടുത്തും, പഴയ വികൃതികളോർമ്മിപ്പിച്ച് ചെവി പിടിച്ചു തിരിച്ചും യശോദ തന്റെ യൗവ്വനം തിരികെ പിടിച്ചെടുക്കാൻ ശ്രമിച്ചു. രാധയെ മാത്രം ആരും അന്വേഷിച്ചില്ല.

രാത്രി ഏറെ വൈകി അമ്മയുടെ കരവലയത്തിൽ നിന്നടർന്ന് പഴയ സുഹൃത്തുക്കളുടെ വെടിവട്ടങ്ങൾ താണ്ടി പണ്ടു താൻ വട്ടം കറക്കിയ സഖികളോട് പുഞ്ചിരിച്ചും കുശലം പറഞ്ഞും അവരേയെല്ലാം താനിപ്പോഴുമോർക്കുന്നു എന്നറിയിക്കാൻ പേരു ചൊല്ലി വിളിച്ചുണച്ചും... തനിക്കായൊരുക്കിയ അറയിൽ കൃഷ്ണനെത്തുമ്പോൾ രാവേറെ ചെന്നിരുന്നു.
അറ വാതില്ക്കൽ വന്നു നിന്ന നൂപുര ധ്വനി കേട്ട് കണ്ണുകൾ തിളങ്ങിയതു തന്നിൽ നിന്നു തന്നെ മറയ്ക്കാൻ അദ്ദേഹത്തിനു പാടു പെടേണ്ടി വന്നു. ചെറിയൊരു പെൺകുട്ടി അറയിലേക്കു വന്ന് ഇനിയെന്തെങ്കിലും വേണ്ടതുണ്ടോ എന്നന്വേഷിച്ച് തിരിച്ചു പോയി.
ഉൾമുറികളിലെവിടെയോ ഒരു നീല തിരിനാളം തിളങ്ങി അത് മെല്ലെ ഇടനാഴിയിലൂടെ മുന്നോട്ടു നീങ്ങി, യശോദയുടെ അറ വാതിൽക്കലൊരു നിമിഷം നിന്നു, ഒന്നും കാണാനാകാത്ത യശോദ മാത്രം ആ തിരിനാളം തെളിഞ്ഞു കണ്ടു.

യശോദ ഒരു നെടുവീർപ്പോടെ കണ്ണുകളടച്ചു. ആ നീല തിരിനാളം വീണ്ടും മുന്നോട്ട്,

കാവൽഭടൻമാരേയും കൃഷ്ണനൊപ്പം വന്ന സൈനികരേയും ഉണർത്താതെ ആ തിരിനാളം അടുത്തുള്ള കാട്ടിലേയ്ക്ക് മെല്ലെ മറഞ്ഞു.

"കാട്ടീന്നെന്താണ്ടു മൂളുന്നു കണ്ണാ,
കേട്ടിട്ടേറ്റം ഭയമുണ്ടെനിക്ക്"

എന്ന് രാധ പേടിച്ചും പരിഭവിച്ചും നടന്നിടം...
ശക്തമായി വീശിയടിച്ച കാറ്റില് അണയാതെ കുറച്ചു നേരം കൂടി ആ നീല നാളം തെളിഞ്ഞു നിന്നു, പിന്നെ പതിയെ അണഞ്ഞു.



# Melancholic Melody



Abhishek Nair

Walking down the dreaded white hallways
I hear screams of agony and despair.
A sea of glazed eyes looked up at me, watching my every move.
Their woeful faces morphed into that of curiosity,
As I picked up my guitar
Strumming the first few notes of a song of hope,
We sang to them, trying to lift up their hearts.

They smiled a small smile, but oh!
Deep inside me, I knew those smiles were but a mere mask,
A mask, purely to hide their sorrows and an inevitable fate.
Startling us all, a new voice joined us,
His voice, shaky yet gaining strength
Maybe his soul did too!
His voice resonated in the hallway,
Other sounds fading away
Lifting up the spirits of those around him too.

A feeling of déjà vu washed over me
For the thrill that was spreading inside
Reminiscent to that felt by little children,
When they'd witness the magical trick of a dove -
flying away out of the magician's hat.

This was but a tiny little bead of miracle
Those genuine smiles of few moments
Opened my blind eyes to a whole new world
I realised then that,
They might have lost their silver lining of hope,
Yet the golden rays of joy that shone out like a halo was all that I needed.



**Rotaract Club of Ruia College conducted an event where we were taken to a third stage cancer hospice in Bandra. The events name was 'Santa for a Cause' as it took place on 25th and 26th December 2016. We were singing songs with them and talking to them from morning to evening.*

# മണ്ണും മനുഷ്യനും

സുനിൽ ഡി ജോർജ്ജ്



മഴക്കാലം ഏവർക്കും പ്രത്യേകിച്ച് മലയാളികൾക്ക് മനസ്സ് നിറയ്ക്കുന്ന ഒരു അനുഭവമാണ്. തങ്ങളുടെ കുട്ടിക്കാലത്തിൽ വയലുകളിലും, ചെറിയതോടുകളിലും കളിച്ചു നടന്ന സുഖകരമായ ഓർമ്മകൾ ഉണ്ടാകുന്ന കാലം. ഇന്നിപ്പോൾ എന്റെ ഫ്ലാറ്റിന്റെ താഴത്തെനിലയിൽ നിന്നും പുറത്തേക്ക് നോക്കുമ്പോൾ ദൂരെ നിൽക്കുന്ന മരങ്ങളും പുൽത്തകിടിയും മനസ്സിനു സന്തോഷം നൽകാറുണ്ട്. മഴപെയ്യുന്നതോടുകൂടി വരണ്ടനിലങ്ങളിലെല്ലാം പുൽനാമ്പുകൾ തളിർത്ത് പൂക്കൾ വിരിഞ്ഞ് മണ്ണായ മണ്ണൊക്കെ ഹരിതാഭമാകുന്നതും ജീവനുടലെടുക്കുന്നതും എന്ത് അത്ഭുതമാണ്.

പ്രകൃതിയെ ആശ്രയിച്ച് ആഹാരവും, വാസസ്ഥലവും കണ്ടെത്തുന്ന എല്ലാ ജീവജാലങ്ങൾക്കും വസന്തം, ഗ്രീഷ്മം, ഹേമന്തം, ശൈത്യം എന്നിങ്ങനെ കൃത്യമായ ഇടവേളകളിൽ പ്രകൃതി ഒരുക്കിയ ഒരു നല്ല ക്രമീകരണം ഇതു പ്രകൃതിയുടെ ഒരു ശരിയായ താളമാണ് ഓരോ ഋതുക്കളും അതിന്റേതായ കൃത്യമായ സമയങ്ങളിൽ അവയെ പ്രതീക്ഷിച്ചു നിൽക്കുന്ന ജന്തു സസ്യജാലങ്ങൾക്കായി എത്തിച്ചേരുക എന്നുള്ളത്.

എന്നാൽ മനുഷ്യൻ അവന്റെ സ്വാർത്ഥമായ താല്പര്യങ്ങൾക്കായി ഇവയെല്ലാത്തിനേയും തകിടം മറിക്കുകയാണ്. ഈ മണ്ണിനെ നശിപ്പിക്കുന്നതും ഒരു തരത്തിലുമുള്ള ജീവജാലങ്ങൾക്കും വാസയോഗ്യമല്ലാതാക്കി തീർക്കുന്നതിനും അവന്റെ വീണ്ടുവിചാരമില്ലാത്ത ചെയ്തികൾ കാരണമാകുന്നു.

ജീവൻ വഹിക്കുന്ന പുഴകളെങ്ങനെ മാലിന്യം വഹിക്കുകയും സംഭരിക്കുകയും ചെയ്യുന്നവയായി മാറി? പുഴകളുടെ അരികുകൾ പുൽച്ചെടിക്കും പൂക്കൾക്കും പകരം പ്ലാസ്റ്റിക്കിന്റേയും രാസമാലിന്യത്തിന്റേയും താവളമായി? പുഴയിലും അവയുടെ അതിരുകളിലും കണ്ടിരുന്ന എത്രയോ ജീവികൾ അവിടെനിന്നും മാറ്റപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ കുറവോ അതല്ലെങ്കിൽ ഇതേക്കുറിച്ചുള്ള അറിവില്ലായ്മയോ മാത്രമല്ല പ്രശ്നം. നദീ സംരക്ഷണ ക്ലാസ്സുകൾ പ്രകൃതി സംരക്ഷണ ക്യാമ്പുകൾ എന്നിവയെല്ലാം സമയബന്ധിതമായി നടക്കുന്നുമുണ്ട്. എന്നാൽ ഇതൊന്നും നമ്മെ ബാധിക്കുന്ന വിഷയമല്ലെന്നും എന്റെ ചുറ്റുപാടുമുള്ളത് എനിക്ക് എങ്ങിനേയും ഉപയോഗിക്കുവാനുമുള്ളതുമാണെന്ന തെറ്റായ ചിന്താഗതി തന്നെയാണ് പലരും വച്ചു പുലർത്തുന്നത് കവിയും സാഹിത്യകാരനുമായ ശ്രീ സച്ചിദാനന്ദന്റെ 'ആറാം നാൾ' എന്ന കവിതയിൽ പറയുന്നതുപോലെ മനുഷ്യന് ***"പുഴകൾ***

***കടക്കേണ്ടവയും മലകൾ കീഴടക്കേണ്ടവയും"*** ആയി മാറി.

നാമോരുരുത്തരും ചിന്തിക്കുന്നുണ്ടാവും നമ്മളൊന്നിനേയും തിരഞ്ഞുപിടിച്ച് നശിപ്പിക്കുവാനോ, വെട്ടിക്കളയുവാനോ കൊല്ലുവാനോ മുതിർന്നിട്ടില്ല. പിന്നെങ്ങനെ പ്രകൃതിയോടുള്ള ക്രൂരതയ്ക്ക് ഞാനെങ്ങനെ ഉത്തരവാദിയാകും? എന്നാൽ നമ്മുടെ പല പ്രവർത്തനങ്ങളും അറിഞ്ഞോ അറിയാതെയോ പ്രകൃതിയുടെ താളം തെറ്റിക്കുവാൻ പ്രേരകമാകുകയും ജീവികൾക്കോ സസ്യജാലങ്ങൾക്കോ സാധാരണ പുന:രുത്പാദനത്തിനു സാധിക്കാതെ വരികയും ചെയ്യാറുണ്ട്.

കാലവസ്ഥയുമായി ബന്ധപ്പെട്ട് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്ന വൃക്ഷലതാദികളും മത്സ്യങ്ങളും ദേശാടന പക്ഷികളും വംശനാശം നേരിടുന്നതിൽ പരോക്ഷമായെങ്കിലും ഏവർക്കും ഉത്തരവാദിത്വമുണ്ട്. നാട്ടിൻപുറങ്ങളിൽ സാധരണയായി കണ്ടിരുന്ന പല ചെടികളും ഔഷധസസ്യങ്ങളും അപ്രത്യക്ഷമായി. അവയൊക്കെ ഉപയോഗിച്ചു ശീലിച്ചവർ പോലും നട്ട് വളർത്തുവാൻ മടി കാണിച്ചു. ഒരു പക്ഷെ ഇവയൊക്കെ നശിപ്പിക്കുന്നതിൽ നേരിട്ട് പങ്കു വഹിച്ചില്ലെങ്കിലും ഒരു വിത്ത് നടുന്നതിലും അവയെ പരിചരിക്കുന്നതിലും നാം വിമുഖത കാണിച്ചു. പ്രകൃതി നാശം എന്നത് കൂട്ടനശീകരണം മാത്രമല്ല വൃക്ഷലതാദികളുടെ പ്രജനനത്തിന് തടയിടൽ കൂടിയാണ്.

**ഒരു ചെടിപോലും നടാതെ എത്ര പൂക്കളുടെ ഗന്ധവും സൗന്ദര്യവും ആസ്വദിച്ചവരാണ് നമ്മൾ! ഒരായുസ്സിൽ ഒരു മരം പോലും നട്ടുപിടിപ്പിക്കാതെ എത്ര ഫലങ്ങളുടെ രുചി അറിഞ്ഞവരാണ് നമ്മൾ!** ക്യാമ്പുകളും പോസ്റ്റർ മത്സരങ്ങളും സെമിനാറുകളും അരങ്ങുതകർക്കുകയാണ്. ഇവയൊക്കെ ചെയ്യുന്നതോടൊപ്പം ഒരു മരമെങ്കിലും നട്ട് വളർത്തുവാനുള്ള ഉത്തരവാദിത്വം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ കഴിഞ്ഞ മേയ് മാസം കേരള സർക്കാർ ഇത്തരമൊരു നല്ലകാര്യം ചെയ്തിരുന്നു.

മൂവായിരം A4 പേജ് നിർമ്മിക്കുവാൻ ഒരു മരം ആവശ്യമാണെന്ന് വായിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണം ഇത്തരത്തിൽ ആക്കുവാൻ കഴിഞ്ഞതിൽ ക്ലബ്ബും ചെറിയ സഹായം ചെയ്തുവെന്നു അഭിമാനിക്കാം.

പ്രകൃതിസ്നേഹം നായസ്നേഹത്തിൽ മാത്രമായി ചുരുക്കുന്ന കൂട്ടരുമുണ്ട് കഴിഞ്ഞ കുറെ നാളുകളിൽ കേരളത്തിലെ വാർത്താമാധ്യമത്തിൽ നിറഞ്ഞിരുന്ന നായസ്നേഹം ജനശ്രദ്ധ ആകർഷിച്ചതുമാണ് എന്നാൽ എത്രയോ പ്രാണികളെ ഉരഗജീവികളെ മത്സ്യങ്ങളെ ചെടികളെ നമുക്ക് നാട്ടിൻപ്രദേശങ്ങളിൽ പോലും കാണുവാൻ സാധിക്കുന്നില്ല. അവ ഒളിഞ്ഞിരിക്കുന്നതല്ല മണ്മറഞ്ഞതു തന്നെയാണ്. ഇവയോട് കാണാത്ത പ്രകൃതിസ്നേഹമോ മാധ്യമശ്രദ്ധയോ എങ്ങിനെ നായയിൽ മാത്രം കാണുന്നു. പ്രകൃതിയോടുള്ള അനുകമ്പയല്ല, ചില

വ്യക്തികളുടെ സ്വകാര്യശീലങ്ങൾ പ്രകൃതിസ്നേഹമായി ചിത്രീകരിക്കപ്പെടുയാണ്. (നായകളെ കൊല്ലണമെന്നു ഇവിടെ സമർത്ഥിക്കുന്നില്ല).

അതുപോലെ തന്നെ പലപ്പോഴും കോൺക്രീറ്റ് മാളികയിൽ ഇരുന്ന് ആഗോളതാപനത്തിന് കോൺക്രീറ്റ് വീടുകളെ കുറ്റപ്പെടുത്തുന്നവരുമുണ്ട്. ഒരു രസകരമായ കാര്യം നല്ല വേനൽക്കാലങ്ങളിൽ മാത്രമേ കോൺക്രീറ്റ് വീടുകൾക്ക് പഴി കിട്ടാറുള്ളൂ എന്നതാണ്. നല്ല മഴക്കാലങ്ങളിലോ തണുപ്പും കാറ്റുമുള്ള കാലവസ്ഥയിൽ ഈ കോൺക്രീറ്റ് വീടുകളിൽ അഭയം പ്രാപിക്കുവാനാണ് ഏവരും ആഗ്രഹിക്കുന്നതും. എന്നാൽ കോൺക്രീറ്റ് ഭവനങ്ങളേക്കാൾ മണ്ണിന്റെ നിർബന്ധിത വന്ധ്യംകരണത്തിന് ഇടയാക്കുന്നത് ടൈലുകൾ പാകിയ വലിയ മുറ്റങ്ങളാണ്. ഒരു തുള്ളി വെള്ളം ഊർന്നിറങ്ങാൻ അനുവദിക്കാതെ ടൈലുകൾക്കടിയിൽ പ്ലാസ്റ്റിക്ക് ഷീറ്റുകൾ പാകിയമുറ്റങ്ങൾ രണ്ടും മൂന്നും കാറുകൾ പാർക്ക് ചെയ്യുവാനും ഡിജിറ്റൽ ഗെയിമിനു മുൻപിൽ ഇരിക്കുന്ന കുരുന്നുകൾക്ക് എന്നെങ്കിലും കളിക്കുവാൻ തോന്നുകയാണെങ്കിൽ അവർക്ക് വേണ്ടി വലിയ നിരപ്പായ മുറ്റം... വീടുകളുടെ ഇരട്ടിയിലധികം സ്ഥലങ്ങളാണ് ഇങ്ങനെ നശിപ്പിച്ചിരിക്കുന്നത് ടൈലുകൾ പാകിയ മുറ്റങ്ങൾ നിയന്ത്രിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു.

ശാസ്ത്രജ്ഞർ പുതിയതരത്തിലുള്ള കീടങ്ങളെ ലാബുകളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വിവരം വായിച്ചുകേട്ടു **"പ്ലാസ്റ്റിക്ക് തിന്നുന്ന കീടങ്ങൾ"** പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഭൂമിയിൽ നിന്നും തുടച്ചുനീൽക്കുവാൻ സാധ്യകരമായ ചുവടുവെപ്പ് എന്നാണ് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇവയുടെ വരും വരായ്കകൾ വരും കാലങ്ങളിൽ മാത്രമേ മനുഷ്യനു പിടികിട്ടുകയുള്ളൂ ഒരു കണ്ടുപിടിത്തത്തിന്റേയും ഭാവിയിൽ അതുമൂലമുണ്ടായേക്കാവുന്ന ദൂഷ്യവശങ്ങൾ മനസ്സിലാക്കാനുള്ള ദീർഘദർശനമൊന്നും ഇതുവരെ ഒരു ശാസ്ത്രലോകത്തിനും കൈവന്നിട്ടുമില്ല.

എല്ലാ ജീവവ്യവസ്ഥയുടേയും കേന്ദ്രബിന്ദു മനുഷ്യനാണെന്ന് ഈയുള്ളവൻ വിശ്വസിക്കുന്നു. അതുകൊണ്ട് തന്നെ വലിയ ഉത്തരവാദിത്വവും മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ പ്രകൃതിയുടെ ആരോഗ്യവും സൗന്ദര്യവും പരിപാലിക്കേണ്ടതു മനുഷ്യന്റെ കടമ കൂടിയാണ്. ഓരോ ജീവിയുടേയും വംശനാശം മനുഷ്യകുലത്തിന്റെ വംശനാശത്തിലേക്കുള്ള ഒരു ചുവടാണ്. മനുഷ്യനില്ലെങ്കിലും ഭൂമി നിലനിൽക്കും, അതിന്റെ സർവ്വസൗന്ദര്യത്തോടും കൂടി. എന്നാൽ മറ്റുജീവികളോ സസ്യലതാദികളോ ഇല്ലാതെ മനുഷ്യനു നിലനിൽപ്പില്ല.

മനുഷ്യൻ, അവനെ ഉൾക്കൊള്ളുന്ന ഈ ഭൂമിയോട് കരുണയോടെയും സ്നേഹത്തോടെയും സമീപിക്കേണ്ടത്

ആവശ്യമാണ് . പല തരത്തിലും ജാതി മത വർഗ്ഗ വർണ്ണ രാഷ്ട്ര സംസ്ഥാന വാദങ്ങളിൽ വിദ്വേഷവും വെറുപ്പും പുലർത്തുന്ന മനുഷ്യർക്കെങ്ങനെ ഒരു സുപ്രഭാതത്തിൽ ഭൂമിയെ സ്നേഹിക്കുവാനും കരുതുവാനും സാധിക്കും? ശുദ്ധമായ വായുവും ജലവും ഈ അതിർത്തികൾ കടന്നുപോകേണ്ടതു തന്നെയാണ്. ഈ തലമുറയും ഇനി വരാൻ പോകുന്ന തലമുറകളും ഇവയൊക്കെ സന്തോഷത്തോടെ അനുഭവിക്കട്ടെ. പ്രകൃതിയോടുള്ള ക്രൂരത മനുഷ്യന്റെ സ്വഭാവം ആയിക്കഴിഞ്ഞിരിക്കുന്നു. **"ആർട്ട് ഓഫ് ലവിങ്ങ്"** ആണ് നമുക്കിന്നാവശ്യം, ഭൂമിയോടും അതിലെ സകലചരാചരങ്ങളോടും. ഇന്ന് എനിക്ക് ലഭ്യമായ ഈ ഭൂമി നാളെ വരുംതലമുറയ്ക്കായ് സന്തോഷപൂർവ്വം കൈമാറേണ്ടതാണ്.

**മണ്ണിൽനിന്ന് സൃഷ്ടിയും മണ്ണിലൂടെ സ്ഥിതിയും മണ്ണില്ലെങ്കിൽ സംഹാരവും പൂർണ്ണമാകും.**

ഈ മഴക്കാലം വരുവാൻ പോകുന്ന വേനൽക്കാലത്തിനുപകാരമായിരിക്കട്ടെ.



# കുറുവരികൾ

വി. വിശ്വനാഥൻ



### അങ്ങനെ അങ്ങനെ...

മഴ കഥ പറയുമ്പോൾ
കാറ്റ് നീട്ടിമൂളും
കളയടോ നിന്റെയാ
കരിങ്കൊടിയെന്നലറി
കുടക്കമ്പികളുടെ
മസ്സിലുകളിൽ തടവും
മഴ മനസ്സിലേക്ക്
തേനൊഴുക്കും
നനഞ്ഞു കുതിരുമ്പോൾ
ഞങ്ങൾ ഒന്നാകും
തെരുവിലൂടെ
ഒഴുകിയൊഴുകി
അങ്ങനെ.. അങ്ങനെ

### സിദ്ധാന്തം

ആപ്പിൾ തലയിൽ വീഴും മുമ്പ്
നീ പെയ്തിരുന്നെങ്കിൽ
ന്യൂട്ടന്റെ ആകർഷണ സിദ്ധാന്തം
മഴേ, നിൻറെ താളത്തിലായേനെ.

### വട്ടി

കൈതയോലയിൽ
കാടിറങ്ങി ചുരുണ്ടു
വട്ടി ചന്തയിൽ

### വട്ട്

സോഡാകുപ്പിയിൽ
കുടുങ്ങിയത് വട്ട്
ഗ്യാസ് പുറത്ത്.

### വെട്ട്

പിടലി വെട്ടി
ഉറക്കമായിരുന്നു
മുറിവേറ്റില്ല

### സ്നേഹം

ഇത്തിരി സ്നേഹം തോന്നിയപ്പോൾ
ഒത്തിരി ദേഷ്യം കളഞ്ഞുപോയി



# Our Winter Guests



*Nandana Menon*

I was spending a rather boring vacation this year. Most of my friends had gone to their native places for spending the holidays. But I could not go anywhere because my brother was having his examinations. Seeing my plight, my father offered to take me to watch flamingos at Karave, Nerul.

I was not much fascinated by his offer because he had taken me for flamingo watch at Sewri last year. Flamingo watch at Sewri is a very popular event attracting a lot of ornithologists including many foreigners. But our experience was disappointing. We were able to see these flamingos only at a distance. Moreover, the journey to that spot was very tiresome.

My father explained to me that Karave is near Nerul and is much closer to Anushaktinagar. He promised me that it would really be an exciting experience. Half-heartedly I agreed.



We started our journey by Mumbai – Panvel highway. We travelled straight till Vashi. Then followed Palm Beach road and took a right turn at INS Chanakya. There my father's friend Ravi Uncle and his son Arun were waiting for us who later guided us in our exploration.



As we proceeded further, the scenario changed drastically. The road became a less travelled one. Quiet, lonely and full of greenery, unlike the busy and noisy roads of Mumbai. We reached a picturesque spot of mangrove trees, marshy land and thick vegetation. There was also a natural lake with a lot of birds. We did not feel that we were in Mumbai!

Being a Sunday morning, the place had quite a few visitors. By seeing the cameras and binoculars they carried, it was evident that they were serious bird lovers. The way they behaved also was different from normal picnickers.

We ventured further north by the side of INS Chanakya, where there was a long narrow bridge leading to a quay. We had a nice walk by this 200 m bridge which took us to a boat jetty, opening to the creek. We could see BARC on the other side of the creek. On the south, the Nhava- Sheva port and Uran were clearly visible.



As soon as we reached, a huge flock of flamingoes came flying from Uran side and landed on the shallow water just in front of us. It was a really wonderful sight! Standing there, we got a rare opportunity to watch them very closely.



Flamingoes travel all the way from Rann of Kutch to Mumbai's mudflats to escape from the harsh winter there. Every year these winter guests reach Mumbai and make our city their home till the onset of monsoon. The relatively calmer surroundings make Karave mudflats a preferred location for them. Besides, the shallow waters of Karave provide them sufficient food - fish, algae and small insects.

Around Mumbai, mainly two varieties of flamingoes are found – greater and lesser. At Karave, we spotted plenty of greater flamingoes. They are large birds with cream coloured beaks. Greater flamingoes are about 120 to 150 cm tall and weigh around 3.5 kg. Their close cousins, lesser flamingoes are smaller in size with a height upto 80 cm and weight 2.5 kg. They have red coloured beaks. Flamingoes have flexible necks that help them to bend downwards to eat.



We spent hours watching these marvelous creatures. Their majestic gait, graceful look and swift movements filled our hearts.



It was 1'o clock in the afternoon. The sun was blazing and we were hungry. Reluctantly, we decided to return. Coming home, my father suggested me to gather some more information about flamingos and write an article about them in the forthcoming issue of *Aksharam*.

Photo courtesy: *Arun Nair, Nerul*

# അഹങ്കാരം

## മായാദത്ത്



എന്നും അഹങ്കാരമായിരുന്നു;
ഒക്കെയും അഹങ്കാരമായിരുന്നു;
സമ്പന്നതയിലാറാടിക്കളിച്ച ബാല്യവും,
കൈപ്പിടിയിലൊതുക്കിയ യോഗ്യതകളും,
ആയിരങ്ങളെ ചവിട്ടിയമർത്തി
നേടിയെടുത്ത പദവിയും,
കയറ്റങ്ങളും - എല്ലാമെല്ലാം.

ജീവിതം ആസ്വദിക്കാൻ മറന്നു പോയെന്നറിഞ്ഞത്
ഏറെ വൈകിയായിരുന്നു.
ഒരു ഞെട്ടലോടെ തിരിഞ്ഞു നോക്കിയപ്പോൾ
കാലത്തിലൂടെ ഒരു പാടു ദൂരം പിന്നിട്ടു കഴിഞ്ഞുവെന്ന്
ഒരു ഉൾച്ചൂടോടെയറിഞ്ഞു.

ജീവിതത്തിന്റെ അവസാന കുതിപ്പുകളിൽ എന്റെ കാലുകൾ ഇടറി വിറച്ചു.
നേടിയതൊന്നുമല്ല ശാശ്വതമെന്ന തിരിച്ചറിവ്
അഹങ്കാരത്തിനേറ്റ അടിയായി.

പിന്നെ,
അസ്വസ്ഥതയുടെ നൂൽപ്പാലത്തിലൂടെ
ഇടറുന്ന കാൽവെയ്പ്പുകളുമായി ഞാൻ നടന്നു.

താഴെ അഗാധതയിൽ
ആർത്തിരമ്പി
അലയടിച്ചൊഴുകുന്നത് എന്റെ തന്നെ
പാപങ്ങളും കർമ്മഫലങ്ങളുമെന്ന് വേദനയോടെ ഞാൻ കണ്ടറിഞ്ഞു.

വീണ്ടും അതിലേക്ക് വീഴാതിരിക്കാൻ
ഏറെ സൂക്ഷിച്ച്, അവധാനതയോടെ,



അടികൾ വെച്ച് ഞാൻ മുന്നോട്ട് നീങ്ങി,
ഒരു ഉൾക്കിടിലത്തോടെത്തന്നെ.

പഴയ കാലത്തിലേക്ക് വീണ്ടും തിരിച്ചുപോയി
തെറ്റുകുറ്റങ്ങളില്ലാത്തൊരു ജീവിതം
ആസ്വദിച്ചാനന്ദിക്കാൻ ഞാൻ കൊതിച്ചു ...
വെറുതെയെന്നറിഞ്ഞിട്ടും .....
ഒരു തിരിച്ചു പോക്കിനശക്തയെന്ന് കണ്ട്
ഉള്ളിലെവിടേയോ വറ്റിവരണ്ട കണ്ണീരിനായ്
ദാഹിച്ചുവലഞ്ഞൊരു നിമിഷം നിന്നുപോയ്....

അഹങ്കാരമൊതുങ്ങി,
നിസ്സഹായതയോടെ, നിലാവേറ്റാൽ പോലുമലിയുന്ന ഒരു മഞ്ഞുതുള്ളി പോലെ....

# മഴ പൊഴിയും വഴിയിൽ

പ്രതിഭ പ്രദോഷ്



ഋതുഭേദങ്ങൾ പലപ്പോഴും സ്മൃതിപഥങ്ങളിലൂടെയുള്ള തീർത്ഥാടനമാണ്. വേനലിന്റെ ചുട്ടുകനലുകൾക്ക് മീതെ, മഴ നനഞ്ഞ മണ്ണിന്റെ ഗന്ധം - ഓർമ്മകളുടെ ഒരു വസന്തകാലം പൂക്കുകയായി....

മഴ സ്മൃതിയിൽ നനഞ്ഞു കുതിർന്ന് എത്തി നില്ക്കുന്നത് സ്കൂൾ കാലഘട്ടത്തിലാണ് . ജൂൺ ആദ്യവാരത്തിലാണ് ആ നാളൊക്കെ മഴ തുടങ്ങിയിരുന്നത്. പുതു മണം മാറാത്ത സ്കൂൾ യൂണിഫോം കുടഞ്ഞ് ഇടാൻ ഒരുങ്ങുമ്പോൾ മഴമേഘങ്ങൾ ആകാശത്ത് കൂട്ടുകൂട്ടുകയായി. സ്കൂളിൽ പോവാൻ ഇറങ്ങും മുൻപേ മഴത്തുള്ളികൾ ഓടിൻ പുറത്ത് താളമിട്ടു തുടങ്ങും. മുഴുവനും നനച്ചിട്ടേ ആദ്യ ദിവസം സ്കൂളിൽ എത്തിക്കൂ എന്നു വാശി തന്നെ... പിന്നെ കാലങ്ങൾ കൊണ്ട് മനുഷ്യൻ നടത്തുന്ന കസർത്തുകളിൽ മഴയുടെ ശീലങ്ങൾ മാറി, മഴയൊരു തോന്ന്യാസിയായി. അങ്ങനെ എന്നെങ്കിലുമൊക്കെ തുടങ്ങി അവസാനിക്കുന്ന മഴക്കാലങ്ങൾ സ്വന്തമായി.

ബാല്യത്തിന്റെ ഏകാന്തമായ കൈവഴികളിൽ മഴ നനഞ്ഞു നടന്ന്, ഞാൻ ഏറെ ദൂരം എത്തിയിരിക്കുന്നു. തനിച്ചിരുന്നു മഴ കണ്ടിരുന്ന കുട്ടിക്കാലത്ത് എന്റെ മനസ്സ് രണ്ടായി പിളരുകയും ഒരു പാതി മറുപാതിയോട് നിർത്താതെ കഥ പറയുകയും കലഹിക്കുകയും ചെയ്തിരുന്നു. ഒരു കുടക്കീഴിൽ തിങ്ങി നിന്ന്, പറഞ്ഞു തീരാത്ത കഥകൾ പങ്കു വെയ്ക്കുന്ന, കൗമാരത്തിന്റെ ചാഞ്ചല്യങ്ങളിലേയ്ക്കും മഴ പെയ്തിറങ്ങി.

നിർത്താതെ പെയ്യുന്ന മഴ വീടിനു ചുറ്റും ആഴത്തിൽ കുഴികുത്തി അതിരു തീർക്കുന്നത് ഒരു കൗതുക കാഴ്ചയായിരുന്നു.ഓടിൻ തുമ്പിൽ നിന്നും ഒലിച്ചിറങ്ങുന്ന മഴവെള്ളം, മങ്ങിയ, വൈദ്യുതി വെളിച്ചത്തിൽ വെള്ളി നൂലായി രാത്രിയ്ക്ക് ആഭരണം ചാർത്തി. ചീവീടുകൾ മഴക്കാല രാത്രികൾക്ക് ചിലമ്പിച്ച സംഗീതമിട്ടു. അതു കേട്ട് മടുത്ത ഈയാംപാറ്റകൾ വരാന്തകളിൽ ചിറകു കൊഴിച്ചിട്ട്, പ്രഭാതങ്ങളിൽ പുഴുക്കളായി ഇഴഞ്ഞു പ്രാണൻ വെടിഞ്ഞു. മഴവെള്ളം കെട്ടിയ മുറ്റത്ത് മണ്ണിരകൾ ജലചിത്രങ്ങൾ രചിച്ചു. മഴ തോർന്ന പ്രഭാതങ്ങളിൽ അവ കുരിച്ചിൽ കുത്തി ഒളിച്ചിരുന്നു. ഈറൻ മുറ്റത്ത് ചെരിപ്പിടാതെ അലഞ്ഞു നടക്കുമ്പോൾ വളം കടിക്കുമെന്ന് അമ്മയും അമ്മൂമ്മയും വ്യാകുലപ്പെട്ടു. മഴ തോർന്ന പകലുകളിൽ കുണുങ്ങി നില്ക്കുന്ന ചേമ്പിലകളിൽ മഴ മുത്തുകൾ തിളങ്ങുമ്പോൾ, ചാര ചിറകും മഞ്ഞച്ചുണ്ടും ഉള്ള മഴ പുള്ളുകൾ നിർത്താതെ ചിലച്ചു.

ഇങ്ങനെ എത്രയെത്ര പ്രിയപ്പെട്ട ഗ്രാമീണ മഴക്കാഴ്ചകൾ.....

മഹാനഗരത്തിലെ ആദ്യകാല മഴക്കാഴ്ചകളോട് എനിക്ക് അപ്രിയമാണ്. നഗരത്തിന്റെ ചെളി കുണ്ടുകളിൽ ദുർഗന്ധം വമിപ്പിച്ച കൊതുകുകളെ പെരുക്കുന്ന കാലം. കുത്തി ഒഴുകുന്ന മഴവെള്ള പാച്ചിലിൽ മുങ്ങിയകന്ന മകനെ തിരഞ്ഞ് അലഞ്ഞ അച്ഛന്റെ കണ്ണുകളിലെ ദൈന്യതയും നിസ്സഹായതയും നഗരം മുഴുവൻ മുങ്ങി താഴ്ന്നു പോയ ഒരു പെരുമഴക്കാലത്തിന്റെ ഭീതി ഉണർത്തുന്ന ചിത്രമായി ഇന്നും മുന്നിലുണ്ട്. ഈ നഗരം നല്കിയ അവിസ്മരണീയമായ സുന്ദരമഴകളിൽ ഒന്ന് പ്രണയത്തിന്റെ പ്രഥമ സംഗമ സന്ധ്യയിൽ, മുളുണ്ട് റെയിൽവേ സ്റ്റേഷന് പിന്നിലൂടെ ഒരു കുടക്കീഴിൽ ഞങ്ങൾ നനഞ്ഞ മഴയായിരുന്നു. പിന്നെ ഒന്നിച്ച നനഞ്ഞ ഒരു പാട് മഴകളുടെ ഹരിശ്രീ കുറിക്കലായിരുന്നു അത്. വൃക്ഷങ്ങളുടെ ഹരിതാഭയിൽ അണിഞ്ഞൊരുങ്ങി നില്ക്കുന്ന അണുശക്തി നഗറിലെ മഴകളാണ് വീണ്ടും ഈ നഗരത്തിലെ വർഷകാലത്തിലേക്ക് എന്നെ ബന്ധിച്ചിട്ടത്.

മഴക്കാലങ്ങൾ ഓർമ്മപ്പെടുത്തുന്ന ചില ദിവ്യ സ്നേഹങ്ങൾ ഉണ്ട്.....ഒരു പെരുമഴയ്ക്ക് ഒപ്പം നനഞ്ഞിറങ്ങി പോയ മുത്തശ്ശി സ്നേഹം ഇന്നും പകരം വയ്ക്കാനില്ലാതെ കണ്ണു നനയ്ക്കുന്നു. പിന്നെയും വന്നു നഷ്ടങ്ങളുടെ മഴക്കാലം. ഒരു മഴക്കാലത്തിന്റെ സുഖകരമായ തണുപ്പു പോലെ എന്നെ പൊതിഞ്ഞു നിന്ന മൃദുവായ ഒരു സ്നേഹമായിരുന്നു എന്റെ ശങ്കുണ്ണി നായർ ... ഒരു രോഗകാലത്തിന്റെ വേനൽ ചൂടിൽ നിന്നും എന്നെ കൈ പിടിച്ചു നടത്തി മഴ കാട്ടി തന്നുവെന്ന് ഉറപ്പാക്കി ഈ മഴക്കാലത്തിൽ ആ സ്നേഹവും അലിഞ്ഞു ചേർന്നു. എങ്കിലും, എല്ലാ നഷ്ടങ്ങൾക്ക് ഒടുവിലും മഴക്കാലങ്ങൾ സുന്ദരങ്ങളാണ് .

ഈ മഴക്കാലത്ത് രോഗത്തിനും ചികിത്സക്കും കീഴടങ്ങി, ബാൽക്കണിയിൽ ചിതറി വീഴുന്ന ജലകണങ്ങളോട് പിണങ്ങി വീടിനുള്ളിൽ പൊരുന്നിരിക്കേണ്ടി വരുമെന്ന് ഒരു വേള തോന്നിയതാണ്. ചികിത്സയുടെ തളർച്ച ഏറി, കിതയ്ക്കാതെയും വിയർക്കാതെയും നടക്കാവുന്ന ദൂരം ഏതാനും വാരകളായി ചുരുങ്ങവെ, ഒരു വൈകുന്നേരം, എന്നെ ചൊടിപ്പിച്ച നിർത്താതെ പെയ്ത മഴയിലേക്ക് ഞാൻ ഇറങ്ങി, മതി വരുവോളം നനഞ്ഞു നടന്നു. തളരുന്നിടത്ത് വിശ്രമിച്ചും തണുത്തു വിറച്ചും പൊടുന്നനെ വിയർത്തും മഴയെ എന്നിലേയ്ക്ക് ആവാഹിക്കെ, ചൂടും തണുപ്പും കവിളിലൂടെ ഒന്നിച്ച് ഒലിച്ചിറങ്ങി. എല്ലാ വ്യഥകളോടും കൂടി തന്നെ ജീവിതം മനോഹരമാണെന്ന് ഞാനറിഞ്ഞു. പുതുജീവന്റെ പുൽനാമ്പുകൾ ചുറ്റും നിറയ്ക്കുന്ന ജൈവതയുടെ സുകൃതമായ് വർഷകാലമേ, ഋതുക്കളിൽ ഏറ്റവും സുന്ദരിയത്രെ നീ.....

ഇത്തിരി മഴയെ വീടിനുള്ളൽ കയറ്റി വിടുന്ന എന്റെ ബാൽക്കണി തുറന്നു തന്നെ കിടക്കട്ടെ.... കർക്കിടകത്തിൽ പതിഞ്ഞു പെയ്യുന്ന മഴയായ് വന്ന് പിതൃസ്നേഹങ്ങൾ എന്നെ തലോടി പോകട്ടെ. അങ്ങ് പുറത്ത്

**'പാഗൽ പത്ത' മഴയ്ക്കൊപ്പം ചാഞ്ചാടുമ്പോൾ,കാറ്റിനൊപ്പം കവിളിൽ മുത്തമിടുന്ന മഴ ചീളുകൾ, മഴയിലലിഞ്ഞു പോയ സ്നേഹങ്ങളുടെ ഓർമ്മപ്പെടുത്തലാവട്ടെ. ആ നനുത്ത സാന്ത്വന സ്പർശത്തിൽ ഇനിയും വരാനിരിക്കുന്ന മഴക്കാലങ്ങളെ സ്വപ്നം കണ്ടു ഞാൻ ഉറങ്ങട്ടെ.....**

*( സമർപ്പണം: എന്റെ എഴുത്തുകൾക്ക് ശീർഷകങ്ങൾ നിർദ്ദേശിക്കുന്ന എന്റെ ആത്മമിത്രത്തിന്. നീ ആണ് ഈ വർഷത്തെ മഴക്കാലം എനിക്ക് തിരിച്ചു തന്നത്. നന്ദി...*

*പിന്നെ, കാലചക്രം ചിട്ടപ്പെടുത്തുന്ന ആ അപാര സംവിധായകനും നന്ദി...)*



# മഴക്കാല ഭംഗികൾ

വിജു ചിറയിൽ



മഴക്കാലത്തിന്റെ മായികതയ്ക്ക് പല ചേരുവകൾ
മണ്ണും മനസ്സും തണുപ്പിക്കുന്ന കുളിർമ
ഇടിനാദത്തിന്റെ ഭയാനകമായ മുഴക്കം
മിന്നലിന്റെ രൗദ്ര വിസ്മയം
ആർദ്രമായ്, ആർത്തലച്ച്, നനുനനെ, ചടുലമായ്
വിവിധ ഭാവങ്ങളിൽ മഴത്തുള്ളികളുടെ സംഗീതം
കാർമേഘങ്ങളുടെ നീലിമ, അതു മാറ്റുകൂട്ടുന്ന പച്ചപ്പ്
പച്ചയുടെ ഒരായിരം വർണ്ണ വൈവിധ്യങ്ങൾ
പാറകളിൽ തഴുകിയൊഴുകുന്ന തോടിന്റെ കളകളാരവം
നിലയ്ക്കാതിരിക്കട്ടെ അത്യാഗ്രഹത്തിന്റെ കൊടുംവേനലിൽ

# അക്കരപ്പച്ച

## നോബിൾ ജേക്കബ്ബ്



കാശ്മീർ താഴ്വരയിലൂടെ നടക്കുകയായിരുന്നു ഞാൻ. കലോഹൊയ് ഗ്ലേസിയറും (Kalhoi glacier) കണ്ടുള്ള മടക്ക യാത്ര...

എപ്പൊഴും ഐസ് മൂടി കിടക്കുന്ന ഒരു മഞ്ഞു മലയാണ് കലോഹൊയ് ഗ്ലേസിയർ. പെഹൽഗാമിലെ 'അരു' എന്ന സ്ഥലത്തു നിന്നും ഏകദേശം 45km, ജനവാസം ഇല്ലാത്ത സ്ഥലത്തു കൂടെ കാൽനടയായി യാത്ര ചെയ്യുങ്കിൽ മാത്രമേ കലോഹോയിൽ എത്തുവാൻ സാധിക്കുകയുള്ളൂ .

ഭീമമായ പാറകെട്ടുകൾക്കിടയിലൂടെ ഉള്ള ക്ലേശകരമായ യാത്ര ആയിരുന്നു അത്. കൂടാതെ, കൊടും തണുപ്പും (2-3 ºC), ന്യൂന അന്തരീക്ഷ മർദ്ദവും, ഓക്സിജന്റെ കുറവും. പ്രകൃതി രമണിയമായ കാഴ്ചകൾ (പച്ച പുതച്ച വെള്ള തൊപ്പി അണിഞ്ഞ കുന്നുകൾ... അരുവികൾ... വെള്ളച്ചാട്ടങ്ങൾ... ഒരേ സമയം ഇളം വെയിലും, പഞ്ഞി പോലെ പാറി നടക്കുന്ന മഞ്ഞും, നനുനനുത്ത മഴയും, മന്ദമാരുതനും...) എന്റെ മനസ്സിന് കുളിർമ നൽകിയെങ്കിലും, അതിശക്തമായ തലവേദനയാലും, ഛർദ്ദിയാലും ഞാൻ ആകെ തളർന്നിരുന്നു.. മൂക്കിൽ നിന്നും രക്തം വാർന്നു ഒഴുകാൻ തുടങ്ങി. ക്ഷീണിച്ച് അവശനായ എനിക്ക് നിൽക്കുവാൻ പോലും ശക്തി ഇല്ലാതെയായി തോന്നി.

കുറെ ദൂരം നടന്നപ്പോൾ, ഒരു ഇടയകന്യക അരുവിയിൽ നിന്നും വെള്ളം കോരിക്കൊണ്ടു തന്റെ വീട്ടിലേക്കു. പോകുന്നത് ഞാൻ കണ്ടു. അവളുടെ അടുത്ത് എത്തിയപ്പോൾ എവിടെയോ കണ്ടു പരിചയം പോലെ എനിക്ക് തോന്നി. അവൾ എന്നെ നോക്കി ഒന്നു പുഞ്ചിരിച്ചു. ഞാൻ ചോദിച്ചു, ചായ കിട്ടുമോ എന്ന്. അവൾക്കു ഹിന്ദിയും അറിയില്ലായിരുന്നു. എന്റെ ദയനീയ അവസ്ഥ കണ്ടപ്പോൾ ആംഗ്യ ഭാഷയിൽ കൂടെ വരുവാൻ പറഞ്ഞു, വീട്ടിലേക്കു കൂട്ടി കൊണ്ടു പോയി.

നാലു കമ്പ് വെച്ച്, പുല്ല് മേഞ്ഞ ഒരു കൊച്ചു കുടിൽ ആയിരുന്നു അവളുടെ വീട്. നാലു വശങ്ങളും പാറചീളുകൾ അടുക്കി വച്ച് മറച്ചിട്ടുണ്ട്, ഒരു വശത്ത് ആടിന്റെ കൂട് ആണ്, അതിൽ ഏകദേശം 100 ആടുകൾ ഉണ്ടാകും.

വീടിനു അകത്തു കയറിയപ്പോൾ ഞാൻ കണ്ടത് അവളുടെ പിതാവ് ഇരുന്നു ഹുക്ക വലിക്കുന്നതാണ്. ചേട്ടൻ ഒരു വലിയ കത്തിയുമായി ഇരിക്കുന്നു, അമ്മ അടുപ്പിൽ എന്തോ തിളപ്പിക്കുന്നു. എല്ലാവരും

നെരുപ്പോടിനു (fire place) ചുറ്റും ഇരുന്നു തീ കായുന്നു.

അവൾ എനിക്ക് ഇരിക്കുവാൻ തീയുടെ അടുത്ത് ഒരു സ്ഥലം കാണിച്ചു തന്നു. ഞാൻ ഭയപെട്ടു – ഇവർ എന്തെങ്കിലും ചെയ്യുമോ!! എന്തായാലും ഞാൻ ഇരുന്നു. അവൾ എന്റെ ബാഗ് വാങ്ങി താഴെ വെച്ചു. അവൾ തന്റെ കുപ്പായത്തിനുള്ളിൽ നിന്നും ഒരു തീകനൽ നിറഞ്ഞ ഒരു കൂട് (ചൂരൽ കൊണ്ട് വരിഞ്ഞത്) എടുത്തു തന്നിട്ട് എന്റെ നെഞ്ചിൽ വെക്കുവാൻ പറഞ്ഞു. (ചൂട് ലഭിക്കാനായി, വസ്ത്രത്തിനുള്ളിൽ ഈ തീകനൽ നിറഞ്ഞ കൂടുമായി ആകുന്നു ഇവർ സാധാരണയായി നടക്കുന്നത്). ചൂട് കിട്ടിയപ്പോൾ എനിക്ക് ആശ്വാസമായി.

ഒളികണ്ണോടെ ഞാൻ അവരെ വീക്ഷിച്ചു. ഒരു നല്ല വസ്ത്രം പോലുമില്ല, കഴിക്കുവാൻ നല്ല ആഹാരമില്ല, എഴുത്തും വായനയും അറിയില്ല, പുറം ലോകം കണ്ടിട്ടില്ല, ഒരു കപടതയും ഇല്ല. എത്ര ശുദ്ധവും നിഷ്കളങ്കരുമായ ആൾക്കാർ - ഒരു പരിശുദ്ധിയുള്ള സ്ഥലത്ത്.

അവളുടെ അമ്മ എനിക്ക് കുടിക്കുവാൻ ചായ തന്നു. എനിക്ക് വളരെ ആശ്വാസമായി. അവളും അമ്മയും എന്തൊക്കയോ എന്നോട് പറയുന്നുണ്ടായിരുന്നു. അവർ പറയുന്നത് എനിക്കും, ഞാൻ പറയുന്നത് അവര്ക്കും മനസിലാകുന്നില്ലായിരുന്നു. അവരുടെ സ്നേഹപ്രകടനങ്ങൾ എന്റെ മനസ്സിനെ ആകർഷിച്ചു. ഗ്രാമത്തിലെ സന്തോഷമായ എന്റെ കുട്ടികാലം എനിക്ക് ഓർമ്മ വന്നു.

കുറച്ചു സമയം കൊണ്ട് ഞാൻ ആ വീട്ടിലെ അംഗമായി മാറി.

ഞാൻ ചിന്തിച്ചു - എത്ര സന്തോഷമുള്ള കുടുംബം, നല്ല ആരോഗ്യമുള്ള ആൾക്കാർ, കഠിനാദ്ധ്വാനികൾ. നാളെയെ പറ്റി ചിന്തയില്ല - പക്ഷെ അവർ സന്തോഷമുള്ളവരാണ്. എനിക്കും അവരെ പോലെ ആകുവാൻ കഴിഞ്ഞിരുന്നെങ്കിൽ... അതുപോലുള്ള ഒരു ജീവിതം കിട്ടിയിരുന്നെങ്കിൽ... ഞാൻ നെടുവീർപ്പെട്ടു,

കുറച്ചു സമയത്തിന് ശേഷം ആരോഗ്യം വീണ്ടെടുത്തപ്പോൾ ഞാൻ പുറത്തു ഇറങ്ങി, ഒപ്പം അവളും അവളുടെ അമ്മയും. അവളുടെ ചുണ്ടുകൾ എന്തൊക്കയോ പറയുവാനായി വെമ്പുകയായിരുന്നു. അമ്മയും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു എനിക്കൊന്നും മനസ്സിലായില്ല.

ഞാൻ പുതച്ചിരുന്ന കമ്പിളി പുതപ്പ് അവൾ ചോദിച്ചു, ഞാൻ കൊടുത്തു. എന്റെ തൊപ്പിയും സൺഗ്ലാസ് ഒക്കെ വെച്ച് പല പോസിൽ അവളുടെ ഫോട്ടോ എടുക്കുവാൻ എന്നോട് പറഞ്ഞു. ഞാൻ എടുത്തു. ഒരിക്കൽ ഹിന്ദി സിനിമ കണ്ടിട്ടുണ്ടെന്നും, സിനിമയിൽ അഭിനയിക്കുവാൻ ആഗ്രഹം ഉണ്ടെന്നും പറഞ്ഞു. കുറച്ചു സമയം കൊണ്ട്, അവളുടെ സ്വപനക്കോട്ടകളെ മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞു..

സിനിമയിൽ കാണുന്ന പോലെ സുഭിക്ഷിതവും, പ്രേമനിര്ഭരവും, സന്തോഷമുള്ളതും, ആഡംബരം നിറഞ്ഞതുമാണ് നഗരത്തിലെ ജീവിതം എന്നാണ് അവളുടെ മനസ്സിൽഉള്ളത്. ഈ കഷ്ടപ്പാടിൽ നിന്നും വല്ല വിധേനെയും മോചനം നേടി, നഗരത്തിൽ പോയി സുഖമായി ജീവിക്കാം എന്നാണ് അവൾ കരുതുന്നത്.

ഒരു സംഭാവന കൊടുത്തു അവിടെ നിന്നും യാത്ര പറഞ്ഞു ഇറങ്ങിയപ്പോൾ എന്റെ കണ്ണുകൾ ഈറൻ അണിഞ്ഞു. അവരുടെയും കണ്ണുകൾ നിറഞ്ഞപ്പോൾ എനിക്ക് ദുഃഖമായി... പിന്നെ ആരും ഒന്നും സംസാരിച്ചില്ല. എത്ര പെട്ടന്നാണ് മനസ്സുകൾ തമ്മിൽ അടുക്കുന്നത്, വിരഹവും എത്ര പെട്ടന്ന്.

ഞാൻ നടന്നു അകന്നപ്പോൾ അവൾ കുറെ ദൂരം എന്നെ പിന്തുടർന്നു. ഒരു പൊട്ടു പോലെ അവൾ അപ്രത്യക്ഷം ആകുന്നതുവരെ ഞാൻ വീണ്ടും വീണ്ടും പിന്തിരിഞ്ഞു നോക്കി. എല്ലാം ഒരു നിമിത്തം ആണെന്ന് സ്വയം ആശ്വസിച്ചു കൊണ്ട് മലമുകളിലെ നല്ല ഓർമകളുമായി മടക്കയാത്ര ആരംഭിച്ചു.





# കാപാലികത്വം

രവീന്ദ്രൻ ടി.ജി.

അതിരറ്റുപോയോരു കാപാലികത്വം
സാമ്രാജ്യ മോഹികൾ നട്ടുവളർത്തി
ഊഷ്മളമായോരു ഭൂമിക്കു ഭാരമായ്
സ്ഥാപിത താൽപര്യമൊന്നുമാത്രം

ഭാരതത്തിന്റെ വിരിമാറിലൂടെ
പേക്കൂത്തുതീർത്തോരു
കാപാലികത്വം
ഇന്നു വളർന്ന് വലുതായിട്ട്
വിളയെ തിന്നുന്ന വേലിയായി

മൗനമായ് നിന്നു സുഖിച്ച പാശ്ചാത്യർ
നെട്ടോട്ടമോടുന്നു ഭീതിപൂണ്ട്
കേവലമഞ്ചു പതിറ്റാണ്ടായി
ഭാരതത്തിൻ വാണികേട്ടതില്ല.

ആരാന്റെയമ്മതൻ ഭ്രാന്തു കണ്ടിട്ട്
സന്തോഷമായി വസിച്ചിരുന്നോർ
ഭീതിപൂണ്ടോടുന്ന കാഴ്ച കാൺകെ
ഞാനറിയുന്നിവർ മൂഢരെന്ന്

സ്വന്തമായ് തീർത്ത കുഴിയിൽ വീണ
സ്വർത്ഥമതികളിക്കാപാലികർ
ഭാവിതൻ വാഗ്ദാനമാകും യുവത്വത്തെ
ചുട്ടുകരിക്കുന്നുസ്വർത്ഥതയാൽ
കഷ്ടമീ ലോകത്തിൻ പോക്കു കണ്ടിട്ട്
ഖേദം പകരുവാൻ താൽപ്പര്യമില്ലാത്ത
ക്രൂരതകണ്ടു മരവിച്ച മാനുഷർ
നൈസർഗികത്വം വെടിഞ്ഞു നിൽപ്പൂ.

എണ്ണപ്പണത്തിന്റെ മോഹമേറി
പടയോട്ടം ചെയ്തതള്ളാഹവിൻ നാട്ടിൽ
ഭംഗിയായ് രാജ്യം ഭരിച്ച സദ്ദാം തൂക്കുമരത്തിൽ കിടന്നു തൂങ്ങി

രക്ഷയില്ലാത്തൊരനുയായികൾ
പോരു തുടങ്ങിയതള്ളാവിൻ പേരിൽ
കാപാലികത്വം വളർന്നു വളർന്ന്
ലോക നാശത്തിന്നു ഹേതുവാകും

പ്രാപഞ്ചിക സ്നേഹ സന്ദേശമേറി
വിശ്വരക്ഷക്കായി വന്ന മഹാന്മാവെ
വീണ്ടുമൊരു വട്ടം കൂടി വരു
സന്മാർഗ്ഗദീപം തെളിച്ചിടുവാൻ

# ജ്ഞാനപീഠം

## പത്മകുമാർ



(മുൻലക്കത്തിലെ *'സാക്ഷി'* എന്ന കഥയുടെ തുടർച്ച)

കാലം കടന്നുപൊയ്ക്കൊണ്ടിരുന്നു എന്ന് വീണ്ടും വീണ്ടും പറയാതെ മനസ്സിലായിക്കാണുമല്ലോ.കലാപരിപാടികൾ, ടാറ്റായിൽ പലതും അരങ്ങേറി. ഏറ്റവും ജനപ്രീതി നേടിയ ഐറ്റങ്ങൾ കൂടിയാട്ടവും കുറത്തിയാട്ടവുമായിരുന്നു. ഇതുരണ്ടും ചരിത്രത്തിലും, കെട്ടിലും മട്ടിലും എല്ലാം വിഭിന്നത പുലർത്തിയിരുന്നെങ്കിലും ആസ്ഥാന കലാകാരന്മാരുടെ കൈപ്പുണ്യം കൊണ്ട് അത്ഭുതകരമായി സമന്വയിച്ചു. കലയുടെ ഗന്ധം പോലുമറിയാത്ത, അഭ്യസ്തവിദ്യർ പോലും ഇതെല്ലാം കണ്ട് ഒരു "ദാസേട്ടൻ കച്ചേരി" കേൾക്കുന്ന സുഖത്തോടെ കോൾമയിർ കൊണ്ടു.

സാറ്റർഡേ നൈറ്റ് ഫീവറും മറ്റും, ഫ്രീയായിക്കിട്ടുന്ന ക്രോസിനടിച്ച് ജനം മറന്നു. ഫ്രൈഡേ സിൻഡ്രോം പലർക്കും പിടിപെട്ടു. ഇത് അനുഭവിച്ചറിയാനായി നഗരങ്ങളിൽ നിന്നുപോലും ജനം എത്തിയിരുന്നു. അണുശക്തിനഗരം ഒരു എക്സാമ്പിൾ മാത്രം. വന്നുവന്ന് വെള്ളിയാഴ്ച ആകാൻ ജനം വെമ്പൽ കൊണ്ടു. അന്ന് അഞ്ചുമണിയോടെ ഒരുതരം വിറയൽ അനുഭവപ്പെടാറുള്ളത് ഇപ്പൊഴും പലർക്കും ഓർമ്മയില്ലേ? ഓർമ്മകളേ... കൈവള ചാർത്തി...എപ്പടി?

ഇത്തരം ഒരു വെള്ളിയാഴ്ച. അന്നെന്തോ കാണികളാരും ഉണ്ടായിരുന്നില്ല. ആസ്ഥാന കലാകാരൻ, രാത്രി ഒമ്പതുമണിയായിട്ടും എത്തിച്ചേർന്നില്ല. ഒമ്പതര, പത്തര. കാത്തിരിപ്പ് ഉപേക്ഷിച്ച് നോം ഡൈൻ ചെയ്യാനായി കഞ്ഞിക്കലം തുറന്നു. കപ്പയും കഞ്ഞിയും അച്ചാറും (ഇത് കലാപരിപാടികൾക്ക് ശേഷം ബാക്കിവന്നാൽ) ആവശ്യാനുസരണം വിളമ്പിവച്ചു. "ഒറ്റ തൊടുകറി"യുമുണ്ട്.

കതക് മെല്ലെ തുറന്ന് അവശകലാകാരൻ പ്രത്യക്ഷപ്പെട്ടു. ഇതൊരു വിശേഷണമല്ല, തീർത്തും അവശൻ. മുഖം ചെറുതായി കോടിയിട്ടുണ്ട്. നെറ്റിയിലൊരു ചെറിയ മുഴയും. പാന്റിന്റെ അടിവശം ഒരല്പം കീറിയിരിക്കുന്നു. നടക്കുമ്പോൾ ഒരു ചെറിയ മുടന്തും. ചെരുപ്പുമില്ല.

കണ്ണിന്റെ ചുവട്ടിലുമുണ്ട് കറുപ്പ്. സംശയമില്ല, മൈന തന്നെ.

ഇതെന്തുപറ്റി എന്ന ചോദ്യം വകവയ്ക്കാതെ നമുക്കുടെ കുറച്ച് കഞ്ഞിയെടുക്ക് പപ്പാ എന്ന അപേക്ഷ കേട്ടപ്പോൾ എന്തോ കാര്യമായി സംഭവിച്ചിട്ടുണ്ട് എന്ന് ബോധ്യമായി. കഞ്ഞികുടി തുടങ്ങിയപ്പോൾ നെറ്റിയിലെ മുഴയെപ്പറ്റി ചോദിച്ചു.

നമസ്കാരകിണമുദ്രയാ പപ്പാ എന്നാണ് പറഞ്ഞത്. എവിടെയാണ് നമസ് ക്കാരം നടന്നതെന്ന് ചോദിക്കണമെന്ന് തോന്നിയെങ്കിലും കഞ്ഞികുടി നടക്കട്ടേ എന്ന് കരുതി.

തീരെ അവശനായതിനാൽ മറ്റ് വിസ്താരം ഒന്നും നടന്നില്ല. കിടക്കുന്നതിനുമുന്നെ ഒന്ന് വീണതാണെന്ന സത്യം പുറത്തുവന്നു. ഇനി ഞാൻ ഉറങ്ങട്ടെ എന്ന് പറഞ്ഞ് അദ്ദേഹം കിടക്ക പൂകി.

മൂന്നര വെളുപ്പിന് ഒരു കരച്ചിൽ പോലെ തോന്നിയാണ് നാമുണർന്നത്. അയ്യോ, തല്ലല്ലേ, കൊല്ലല്ലേ, എന്നിൽ ഔഷധഗുണമില്ലേ... എന്നെല്ലാം പുലമ്പുന്നു, നമ്മുടെ കലാതിലകം. മറ്റെല്ലാരെയും ഉണർത്തി, നാം കാര്യമന്വേഷിച്ചു. എല്ലാരും അറിഞ്ഞ നിലയ്ക്ക് സത്യാവസ്ഥ വിളിപ്പെടുത്താൻ അദ്ദേഹം തയ്യാറായി. ഒന്നിനു പോയി വരാമെന്ന് പറഞ്ഞ അദ്ദേഹം രണ്ടും കഴിക്കയാണോ? നടുവിന് കൈ കൊടുത്ത് അദ്ദേഹം പുറത്തുവന്നു. മൂത്രവും പോകുന്നില്ല, ഷിറ്റ്, എന്നും പറഞ്ഞാണ് വരവ്.

ഇതിനകം എല്ലാരും ഉണർന്നിരുന്നു. കവിള് ആവശ്യത്തിലധികം തുടുത്തിരുന്നു. തോളത്തു കൈ വച്ചപ്പോൾ അയ്യാ..എന്ന് കൈ തട്ടി മാറ്റി. ദൈവമേ ! ഇനിയൊരിക്കലും കള്ളനെ പിടിക്കാൻ തോന്നിക്കല്ലേ എന്നൊരു ഡയലോഗും. എന്തുപറ്റിയെന്ന് പറയെടേ. എവിടെയാണ് വീണത്?

ഓ. ജ്ഞാനപീഠത്തിൽ നിന്നാണ് വീണത്. അദ്ദേഹം തുടര്ന്നു.

ഡേയ്, അന്ന് പിടിച്ച ആ കള്ള**ന്റവ്വെ** അവനില്ലേ, ഇന്നലെ രാത്രി നമ്മൾ വരുംവഴി നമ്മെക്കാണുകയും ഞൊടിയിടയിൽ അവന് തിരിച്ചറിവ് കിട്ടുകയും ചെയ്തു. അല്ല, അവനിട്ട് കിട്ടിയ കണക്കുനോക്കിയാൽ അവൻ മറക്കുമോ മാനുഷനുള്ള കാലം എന്നല്ലേ പഴമൊഴി.

അവന്റെ കൂടെ ഒരു ഗുസ്തിക്കാരൻ കൂടി ഉണ്ടായിരുന്നു. എവനവനെ കണ്ണുകാണിക്കുകയും അവൻ നമ്മുടെ കൈകൾ രണ്ടും ചേർത്ത് മുടി പിന്നുമ്പോലെ ആക്കുകയും ചെയ്തു. മിണ്ടിയാൽ കൊന്നുകളയുമെന്ന് ഭീഷണി മുഴക്കി, അവർ നമ്മെ അടുത്തുള്ള കടയുടെ ഇടയിൽക്കൂടി നടത്തി, ഒരു ഇടുക്കുമുറിയിൽ കയറ്റി.

എന്നിട്ട്?

അവിടെ ആകെയുണ്ടായിരുന്ന ഒരു പൊക്കമുള്ള സ്റ്റൂളിൽ കയറ്റിയിരുത്തി. പിന്നെ ചോദിച്ചു, തുനെ ഗ്യാന്പീഠ് സുനാഹേ?

അറിയാവുന്ന ഹിന്ദിയില് താങ്ങി, നഹീ നഹീ.... ഠീക്ക് ഹേ.. ഹം ദിഖാ ദേംഗെ.

ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുത്. തേരാ ... മാക്കീ...ബേൻ....വല്ലവളുമായിരുന്നോ അവള്? സാലേ, തു ഭീ നാ...ഇസ്കേലിയേ ഹംലോഗ് തേരേക്കോ ഠൂണ്ട് രഹാ ഥാ. ഇത്തനാ ജൽദീ മിലേഗാ ന സോച്ചാ. ഇസ്

ക്കേലിയേ തുമേ ഗ്യാൻ മിലേഗാ. ദോ ദിൻതക് ശ്ലുശ്ലു ഭീ മത് ജായേഗാ.

പിന്നങ്ങോട്ട്ഒന്നുംഓർമ്മയില്ല.

ശരീരത്തിന്റെ പലഭാഗങ്ങളും ചളുങ്ങുന്നതും നുരുന്നതുമായി തോന്നിയിരുന്നു.

എപ്പൊഴോ ആ ജ്ഞാനപീഠത്തിൽ നിന്ന് വീണതോർമ്മയുണ്ട്. അവന്മാർ ആക്രോശിച്ചു. നിന്റെയൊക്കെ ഇടി കൊണ്ടതു പോരാഞ്ഞ്, പോലീസുകാരും ഇടിച്ചത്രേ. കട്ട മാല നേരേ ചെവ്വേ സൂക്ഷിച്ച് വയ്ക്കാൻ പോലും പറ്റാത്ത നീയൊക്കെ ഇപ്പണി നിർത്താൻ പറഞ്ഞത്രേ.

മുട്ടുകാലിൽ വീണ് അവരോട് മാപ്പ് ചോദിച്ചു. അവർ ദയാവായ്പ്പോടെ ഒരു ചെറിയ താങ്ങുകൂടെ കൊടുത്ത്, ഇത്രയും പറഞ്ഞു. നീ സാക്ഷി പറയാതിരുന്നത് നിന്റെ ഭാഗ്യം. അല്ലെങ്കിൽ ഒരു കുഴി കൂടെ കുത്തണ്ടി വന്നേനേ. മിക്സഡ് മോഡില് അഞ്ചാറ് തെറി പറഞ്ഞശേഷം ഒരു കുപ്പിഗ്ലാസിൽ മുക്കാലോളം ഒഴിച്ച് ഒരു സാധനം കുടിപ്പിച്ചു. യേ സന്ത്രാ പീക്കേ ബാഹർ നികൽ. ദോ ലെഫ്റ്റ് മാർക്കേ സീധാ ചൽ. സിഗ്നൽ ആയേഗാ. ഉധർ സേ റൈറ്റ്. കിസീസേ പൂഛ്. ചൽ ഫട്. ചപ്പൽ ഇധർ ഡാൽക്കേ ജാ..സാലേ. യെ ഗ്യാൻ കഭീ ഭൂലോ മത്. ഉംഗലീഗിരി കഭീ മത് കർ.

ജീ സാബ്..

അങ്ങനെയാണ് ഇപ്പരുവത്തിലായത്. രക്ഷപ്പെട്ടത് തന്നെ ഭാഗ്യം.

ഇത്രയും പറഞ്ഞ് വീണ്ടും ഒന്നിന് ശ്രമിക്കാൻ തുനിഞ്ഞു.

ക്ഷീണിതനായി പുറത്തുവന്നു. രക്ഷയില്ല. രണ്ടു ദിവസമാണ് പറഞ്ഞിരിക്കുന്നത്. ജ്ഞാനികൾ തന്നെ.

പപ്പാ.. കുറച്ച് വെള്ളം. ഒന്നുകൂടി ഉറങ്ങാൻ ശ്രമിച്ചു നോക്കാം.

ജ്ഞാനപീഠം മനസ്സിൽ കണ്ട് നാമും കട്ടിലിലോട്ട് ചരിഞ്ഞു.

(തുടരും)

# നിസ്സഹായത



ലീനാ പിള്ള

ഇന്നു ഞാനറിയുന്നു എൻ നിസ്സഹായത

ഒരുതുള്ളി ദാഹജലത്തിനായ്
ഒരു കാലടിക്കായ് ഞാൻ
കാതോർക്കുമ്പോൾ-
അറിയുന്നു ഞാനെൻ നിസ്സഹായത

വിങ്ങുന്ന മനസ്സും ശരീരവും സ്വസ്ഥമായോ
നിദ്രാദേവി എൻ കൺകൾ തഴുകിയോ
അറിയില്ലെനിക്ക്, ഒന്നും അറിയില്ലെനിക്ക്
ഞാനിന്ന് വല്ലാത്തൊരവസ്ഥയിലോ

ഞാനെന്റെ ദു:സ്സഹാവസ്ഥയെ തോളിലേറ്റി
ഒരു പകൽമയക്കത്തിലേക്ക് ഊളിയിട്ടു.
മങ്ങിയ വെളിച്ചത്തിൽ കണ്ടു ഞാനെൻ
അമ്മയെ, എൻ പെറ്റമ്മയെ

സ്നേഹം നിറഞ്ഞ ആ കണ്ണുകൾ കണ്ടുഞാൻ
അതു നിറഞ്ഞിരുന്നോ, ചുണ്ടുകൾ വിതുമ്പിയോ
അതുമാത്രം അറിയാൻ പറ്റിയില്ലെനിക്ക്
എൻ കണ്ണുകൾ സമുദ്രമായതുകൊണ്ടോ

പെട്ടെന്നൊരൊച്ച കേട്ട് ഞാനുണർന്നു
കൂടെയുണർന്നു എൻ വേദനയും
അൽപം ദാഹജലത്തിനായ് പരതിടുമ്പോൾ
ഞാൻ തേടി എൻ ബന്ധുക്കളെ

ഇന്നു ഞാൻ വിലയില്ലാത്ത ഒരു കടലാസു കഷണം
നല്ലകാലത്തുണ്ടായിരുന്ന
ബന്ധു എവിടെ, സ്വന്തക്കാർ എവിടെ
ഇതെന്തൊരു നിസ്സഹായത

ഇപ്പോൾ ഒന്നറിയുന്നു ഞാൻ
മരണമാണെന്റെ ബന്ധുവെന്ന്
വേവലാതിയോടെ ഞാൻ കത്തിരിപ്പൂ
എന്റെ പുതിയ ബന്ധുവിനെ,
നിസ്സഹായതയോടെ...

# Before I leave...

## Lakshmi Sandeep



Before I leave...
I wanted to wipe the tears off...
Before I leave...
I wanted to smell the flowers
Before I leave...
I wanted to dance with the grasses
Before I leave...
I wanted to walk in the rain
Before I leave...
I wanted to light the lamp of Love
Before I leave...
I wanted to kill 'me'...

**സൂചന:** ഈ പ്രസിദ്ധീകരണത്തിലെ കൃതികളുടെയും അഭിപ്രായങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം അതിന്റെ രചയിതാക്കളിൽ നിക്ഷിപ്തമാണ്.